## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3428

12.12.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പു മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) വകുപ്പിന് കീഴിൽ താഴെ ചേർത്ത പ്രകാരമുള്ള വിവിധ ക്ഷേമ/വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.<br>1. സർക്കാർ എയ്ഡഡ് സ്ക്കൂളുകളിൽ ഗേൾഫ്രണ്ട്ലി ടോയ്ലറ്റ് (2011-12) നിർമ്മിക്കുന്ന പദ്ധതിയിൽ 792 ടോയ്ലറ്റ് നിർമ്മിച്ചു നൽകി.<br>2. നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠന മേശയും കസേരയും വിതരണം (2012-13) ചെയ്തു.<br>3. സൈനിക-അർദ്ധസൈനിക മേഖലകളിൽ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പ്രീ റിക്രൂട്ട്മെന്റ് പരിശീലനം നൽകി.<br>4. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന 43 സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകി.<br>5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം 4 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 7.8 കോടി രൂപയുമുള്ള ജലവിതരണ പദ്ധതി നടപ്പിലാക്കി വരുന്നു.<br>6. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതിയിൽ ബിരുദം/ബിരുദാനന്തര ബിരുദ/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പ്രതിവർഷം ശരാശരി 10000 പേർക്ക് (fresh & renewal) സ്കോളർഷിപ്പ് നൽകി വരുന്നു.<br>7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)ക്ക് കീഴിൽ വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.<br>8. സിഎ/ഐ.സി.ഡബ്ല്യു.എ/ സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് 2013-14 |

സാമ്പത്തിക വർഷം 198 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

9. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർഗൈഡൻസ് പദ്ധതി-2013-14 സാമ്പത്തിക വർഷം 200 ഏകദിന ക്യാമ്പുകളിലായി 11,387 പേർക്ക് പ്രയോജനം ലഭിച്ചു. 2014-15 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

10. ദ്വിവൽസര ഐ.റ്റി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ- റീ ഇംബേഴ്സ്മെന്റ് സ്കീം -2013-14 സാമ്പത്തിക വർഷം 765 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

11. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്-2013-14 സാമ്പത്തിക വർഷം 9 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 20 പേർക്ക് പ്രയോജനം ലഭിക്കുന്നവിധം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

12. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹ മോചിതർക്ക് ഭവന പദ്ധതി -2013-14 സാമ്പത്തിക വർഷം 950 ഭവനങ്ങൾ സംസ്ഥാനത്താകെ അനുവദിച്ചു. ഈ ഇനത്തിൽ 19 കോടി രൂപ ചെലവിട്ടു. 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ അനുവദിക്കപ്പെട്ട 249 ഭവനങ്ങൾക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. 5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

13. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റലായി 8.40 ലക്ഷം രൂപ 2013-14 സാമ്പത്തിക വർഷം അനുവദിച്ചു. 2014-15 സാമ്പത്തിക വർഷം 15 കോടി രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

14. പാസ്‌വേഡ്- ഹൈസ്ക്കൂൾ - ഹയർസെക്കന്ററി - കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കുള്ള ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പ് 14 ജില്ലകളിലുമായി 28 ക്യാമ്പുകൾ പൂർത്തീകരിച്ചു.

15. ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാർ-കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുകളുടെ പ്രവർത്തനങ്ങളും ക്ഷേമ പദ്ധതികളും ജനങ്ങളിലെത്തിക്കാൻ സംസ്ഥാന ത്തുടനീളം 903 പ്രൊമോട്ടർമാരെ നിയമിച്ചു ഇവരുടെ ഓണറേറിയം ജില്ലാ കളക്ടറേറ്റ് മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

16. ഉറുദു ഐച്ഛിക വിഷയമായെടുത്ത് 2013-14 എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയ ങ്ങൾക്കും എ+ നേടിയ 78 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി.

17. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചു.

18. 2013-14 വർഷത്തിൽ എസ്.എസ്.എൽ.സി/ +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് (22 പേർക്ക്) ക്യാഷ് അവാർഡ് നൽകി.

19. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും പതിനായിരം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചു.

20. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 40 വനിതകൾക്ക് ബാത്തിക് പെയിന്റിംഗിൽ (അറബി കാലിഗ്രാഫി) സൗജന്യ പരിശീലനം നൽകി.

21. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്ന തിന് 'മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം' എന്ന പേരിൽ 14 ജില്ലകളിലായി 16 പരിശീലനകേന്ദ്രങ്ങളും 21 പരിശീലന ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് കൂടുതൽ സ്കോളർഷിപ്പുകളും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) നിലവിലുള്ള സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിനു പുറമേ സിഎ/ ഐ.സി.ഡബ്ല്യു.എ/ സി.എസ് കോഴ്സു കൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്, ദ്വിവൽസര ഐ.റ്റി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ- റീ ഇംബേഴ്സ്മെന്റ് സ്കീം, ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ് എന്നീ സ്കോളർഷിപ്പുകളും ആവിഷ്കരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. |
| (സി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾക്ക് കേന്ദ്ര ഗവണ്മെന്റ് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ, പനമരം, മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ